കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ പി.കെ.ഡി.25-645/2019

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

തീയതി-18-07-2019.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുഴൽമന്ദംബ്ലോക്ക്പഞ്ചായത്ത്.

സർ,

വിഷയം : കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ -ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇമെയിൽ മുഖേന)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), പാലക്കാട്.
3. കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ പി.കെ.ഡി.25-645/2019 തിയ്യതി: 18-07-2019

**പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 വകുപ്പ് - ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പാലക്കാട് ജില്ലയിലെ **കുഴൽമന്ദം** ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 01-11-2017 മുതൽ 25-4-19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മാത്രം മറുപടി ലഭിച്ചിട്ടുണ്ട്. മുഴുവൻ അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ. വാസുദേവൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26-4-2019 മുതൽ 7-5-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എൻ.സുമേഷ്, ഓഡിറ്റ് ഓഫീസർ |
| | കെ.വി.സുസ്മിത, അസി.ഓഡിറ്റ് ഓഫീസർ |
| | ഫസീല.കെ.എ, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷേളി.പി | 01-04-2017മുതൽ 31-03-2018വരെ |
| സെക്രട്ടറി | ശ്രീ.ഉണ്ണികൃഷ്ണൻ. | 1-4-17 മുതൽ 18.6.17 വരെ |
| | ശ്രീ.കെ.ടി.വിജയകുമാർ | 19.6.17 മുതൽ 31.3.18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.എ.കെ.സരസ്വതി | 01-04- |

| | | |
|---|---|---|
| | | 2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീ.സുബ്രഹ്മണ്യൻ.കെ.സി | 01-04-2017 മുതൽ 31-03-2018 വരെ |
| സൂപ്രണ്ട്-സി.എച്ച്.സി കുഴൽമന്ദം | ഡോ.മൈനാവതി.ആർ | 01-04-2017 മുതൽ 31-03-2018 വരെ |
| പ്രോജക്ട് ഓഫീസർ എെ.സി.ഡി.എസ്-കുഴൽമന്ദം | ശ്രീമതി.എസ്.രാധാലക്ഷ്മി | 01-04-2017 മുതൽ 31-07-2017 വരെ |
| | ശ്രീമതി.പാർവതി.പി | 1-8-17 മുതൽ 18.8.2017 വരെ |
| | ശ്രീമതി.രമ .ആർ | 19.8.17 മുതൽ 31.3.18 വരെ |
| ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ,കുഴൽമന്ദം | ശ്രീ.കെ.പ്രഭാകരൻ | 01-04-2017 മുതൽ 15-6-17 വരെ |
| | ശ്രീ.പി.പ്രദീപ് | 16-06-2017 മുതൽ 30-07-2017 വരെ |
| | ശ്രീ.കെ.സുന്ദരൻ | 31.7.17 മുതൽ 31.3.18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി മീന റസ്സൽ | 01-04-2017 മുതൽ 16-07-2017 വരെ |
| | ശ്രീമതി.ജയലക്ഷ്മി | 17-07-2017മുതൽ 31-3-2018 വരെ |

| | | |
|---|---|---|
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ശാന്ത.കെ | 01-4-2017 മുതൽ 31-03-2018 വരെ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

13.3.2017തീയതിയിലെ . 1നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

മുന്നിരിപ്പ് – 0

വരവ് – 704159901.

ചെലവ് – 704129901

നീക്കിയിരുപ്പ് – 30000.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-18 | 7-06-2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 13-07-2018 & 16-07-2018 | **കെ.എസ്.എ-പികെഡി.21/1905(9)/2018 തിയതി:29-8-2018** |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 58500359 |
| വരവ് | 122396768 |
| ആകെ | 180897127 |
| ചെലവ് | 130325486 |
| നീക്കിയിരിപ്പ് | 50571641 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 33616395 | 33616395 | 33616395 | 0 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 32486000 | 32486000 | 32486000 | 0 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 140000 | 140000 | 140000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4279000 | 4279000 | 4259241 | 19759 |
| TSC | 1232214 | 89434 | 1321648 | 41706 | 1279942 |
| Pykaa | 72240 | 2734 | 74974 | 71 | 74903 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ PMAY | 43029819 | 39945523 | 82975342 | 47392353 | 35582989 |
| ജനറൽ പർപ്പസ് ഗ്രാന്റ് & തനത് ഫണ്ട് | 1307279 | 6720532 | 8027811 | 7563202 | 464609 |

PMAY – രജിസ്റ്റർ പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 139 | 173374809 | 113 | 70501636 | 26 | 81 |

# 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4-5-2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. വരവിനത്തിൽ തുകയൊന്നുമില്ല എന്ന് ബോധ്യപ്പെട്ടു

# 1-8 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിലെ രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. ബജറ്റ് നടപടിക്രമങ്ങളുടെ ഭാഗമായി പ്ലാൻ, നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി യോഗങ്ങൾ ചേർന്നിട്ടില്ല. ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി വിലയിരുത്തുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമായി ഉണ്ടാകേണ്ടതാണ്.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 20-6-18 മുതൽ 23-6-18 | 2017-18 | 29-09-2018 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-12-14 മുതൽ 22-12-14 വരെ | 2009-10 മുതൽ 2013-14 വരെ | 29-01-2015 |

# ഭാഗം -2
# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 ബജറ്റ് - നടപടിക്രമം പാലിക്കേണ്ടതാണ്

കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-214, സർക്കാർ ഉത്തരവ്(ആർ.റ്റി) നം.3291/2016/ത.സ്വ.ഭ.വ തിയതി.02.12.2016 പ്രകാരം അംഗീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ്-പദ്ധതി, പദ്ധതിയേതര നിർദ്ദേശങ്ങൾ നിർവഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മറ്റികളും ജനവരി 15 -ന മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.
2. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മേൽ നിർദ്ദേശങ്ങളിൽ നിന്നും ബജറ്റ് തയ്യാറാക്കേണ്ടതും കരട് ബജറ്റ് അനുബന്ധ രേഖകൾ സഹിതം മാർച്ച് മാസത്തിലെ ആദ്യ ആഴ്ചയിൽ തന്നെ പഞ്ചായത്ത് കൗൺസിലിന്റെ അംഗീകാരത്തിന് വെയ്ക്കേണ്ടതുമാണ്.
3. പഞ്ചായത്ത് കൗൺസിൽ ആവശ്യമായ ചർച്ചകൾക്ക് ശേഷം മാർച്ച് 31 ന മുമ്പായി ബജറ്റ് പാസാക്കിയിരിക്കണം.

കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിൽ മേൽപ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെട്ടിട്ടില്ല എന്ന് കാണുന്നു. നോൺ പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ഘടക സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടത് 14.02.2017ലാണ്. ഘടക സ്ഥാപനങ്ങൾ കരടു പ്രപ്പോസൽ സമർപ്പിച്ചത് 25.02.2017ലാണ്. ഈ തീയതിയിൽ തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് അംഗീകരിച്ചു. കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേർന്നിട്ടില്ല. 13.03.2017ലെ 1 ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവുകൾക്കുള്ള അടിസ്ഥാന അനുമതിയായ ബജറ്റ് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചു കൊണ്ടാണ് പാസാക്കപ്പെടുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 കോട്ട് ചെയ്ത നിരക്കിനനുസരിച്ച് കുറവ് വരുത്തിയില്ല -പ്രവൃത്തിക്ക് അധിക തുക നല്കി

നിർവ്വഹണം : അസി.എക്സി എഞ്ചിനീയർ

പ്രൊജക്ട്- 25/18 ജൈവ പച്ചക്കറി സംഭരണ വിപണന കേന്ദ്രത്തിന്റെ പൂർത്തീകരണം

എസ്റ്റിമേറ്റ് തുക-500000/-രൂപ (വികസന ഫണ്ട് -പൊതു വിഭാഗം)

ആകെ പ്രവൃത്തിമൂല്യം-459581/-

അവസാനബിൽ തുക – 459581/- രൂപ ( ബിൽ നം.33/2017-18 തിയതി 08-03-2018)

കരാറുകാരൻ – ഹരിദാസ്. കെ.കെ

അളവുപുസ്തകം -30/17-18

കരാറുടമ്പടി നം-32/17-18AEE/LSGD/KZM/29/16-17 dtd 12.01.18

2017-18 വർഷത്തിൽ ഇ ടെണ്ടർ ചെയ്ത മേൽ പ്രവൃത്തിക്ക് ലഭ്യമായ ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.കെ.കെ ഹരിദാസ് എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് എഗ്രിമെന്റ് വയ്ക്കുകയും, ഓഡിറ്റ് വർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ച് അവസാനബിൽ തുക നല്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരൻ പ്രവൃത്തിയുടെ ഓരോ ഇനത്തിനുമാണ് നിരക്ക് ടെണ്ടറിൽ ക്വോട്ട് ചെയ്തിരുന്നത്. ഐറ്റം വൈസ് ക്വോട്ട് ചെയ്യുന്ന സംഗതിയിൽ ആകെ പ്രവൃത്തിമൂല്യം ഓരോ ഇനത്തിനും ക്വോട്ട് ചെയ്ത നിരക്ക് അടിസ്ഥാനപ്പെടുത്തിയാണ് നൽകേണ്ടത്. മേൽ പ്രവൃത്തിയിൽ കരാറുകാരൻ ഐറ്റം വൈസ് ക്വോട്ട് ചെയ്ത തുകയിൽ നിന്നും അധികരിച്ച നിരക്കിൽ തുക നൽകിയതായി കാണുന്നു ഇതുമൂലം താഴെ പറയും പ്രകാരം ആകെ 24858 രൂപ കരാറുകാരന് അധികം നല്കിയിട്ടുണ്ട്

| | | എം.ബുക്ക് പ്രകാരം | | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നം | ഇനം | ചെയ്ത അളവ് | അനുവദിച്ച നിരക്ക് | നൽകിയ തുക | BoQ പ്രകാരം bidder ക്വോട്ട് ചെയ്ത തുക | നൽ കേണ്ട തുക | അധികം നല്കി യത് | കുറവ് |
| 1.01 | 4.1.8 providing and laying in position cement concrete of specifie grade 1:4:8 | 3.711 m3 | 6146.26/m3 | 22809 | 5800.00 | 21524 | 1285 | |
| 1.02 | 10.16.1 steel work in built up | 462.75 kg | 122.50kg | 56687 | 123.00 | 56918 | | 231 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | tubular trusses etc | | | | | | | |
| 1.03 | 12.50 providing and fixing precoated galvanised iron profile sheets for roofing | 129.36m2 | 753.42 | 97462 | 700.00 | 90552 | 6910 | |
| 1.04 | 50.6.1.1 solid block masonry using precast bricks | 4.13m3 | 5162.93 | 21323 | 5100.00 | 21063 | 260 | |
| 1.05 | 13.1.1 = 12 mm cement plaster with all expenses | 201.89m2 | 237.37 | 47922 | 230.00 | 46435 | 1487 | |
| 1.06 | 13.16.1= 6 mm cement plaster | 44.37m2 | 197.37 | 8757 | 190.00 | 8430 | 327 | |
| 1.07 | 13.43.1 applyin one coat of water thinnable cement primer | 246.26m2 | 50.71m2 | 12488 | 50.00 | 12313 | 175 | |
| 1.08 | 13.44.1 finishing walls with water proofing cement paint | 246.26m2 | 80.70m2 | 19873 | 80 | 19701 | 172 | |
| 1.09 | 21.18 providing and fixing 12 mm thick frameless glass door shutter | 9.00 m2 | 6325m2 | 56925 | 6300 | 56700 | 225 | |
| 1.10 | 21.1.12 providing and fixing aluminium work for doors,windows, ventillators | 22.12 kg | 527.73kg | 11673 | 500 | 11060 | 613 | |
| 1.11 | 21.1.22 for shutters of doors windows &ventillators providing and fixing hnges | 18.36 kg | 610.69kg | 11212 | 600 | 11016 | 196 | |
| 1.12. | 21.3.1 providing and fixing glass in aluminium door, window | 4.44m2 | 1017.71m2 | 4519 | 1110.00 | 4928 | | 409 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | etc with EPDM rubber | | | | | | | |
| 1.13 | 10.25.2 steel work welded in built up sections including cutting,hoisting etc | 188 kg | 117.97kg | 22178 | 115.00 | 21620 | 558 | |
| 1.14 | 11.37 providing and laying ceramic glazed floor tiles of size 300x300 | 69.95m2 | 940.00m2 | 65753 | 750 | 52463 | 13290 | |
| | **Total** | | | **459581** | | | **25498** | **640** |

പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയത് ആകെ 459581/- രൂപയാണ്. ഇതിൽ നിന്നും നിയമാനുസൃത ഡിഡക്ഷൻസ് കുറച്ച് 450389/- രൂപ കരാറുകാരന് നല്കിയിട്ടുണ്ട്. എന്നാൽ ക്രമ നം 1.02, 1.12 എന്നീ ഇനങ്ങളിൽ ഒഴിച്ച് ബാക്കി എല്ലാ ഇനങ്ങളിലും അധിക തുകയാണ് അനുവദിച്ചിട്ടുള്ളത് മേൽപ്പറഞ്ഞ 2 ഇനങ്ങളിലെ തുകകൾ തട്ടിക്കിഴിച്ചാൽ കരാറുകാരന് 24858/- രൂപ അധികം നല്കിയിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം. 12 തിയതി 07.05.2019) ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രവൃത്തിക്ക് ലഭ്യമായ രണ്ടു ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വ്യക്തിയുടെ ടെണ്ടർ അംഗീകരിച്ച് എഗ്രിമെന്റ് ചമച്ചുവെങ്കിലും ബിൽ നൽകിയ വേളയിൽ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ BOQ വിലുള്ള നിരക്ക് തെറ്റായി നൽകുകയാണ് ഉണ്ടായതെന്നും ആയത് തിരിച്ചു പിടിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരന് അധികം നൽകിയ 24858/- രൂപ തിരിച്ചു പിടിച്ച് അതാതു ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

# 3-2 കുടിവെള്ള പദ്ധതികൾക്ക് ജലലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) നടത്താതെ മോട്ടോർ സ്ഥാപിക്കൽ അപാകതകൾ സംബന്ധിച്ച്

2017-18 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി 15 പുതിയ കുടിവെള്ള പദ്ധതികൾക്ക് പ്രൊജക്ട് വച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. ഇവയിൽ 6 എണ്ണവും മുൻവർഷം അഗീകാരം ലഭിച്ചശേഷം സ്പിൽ ഓവർ ആയ 17 പ്രൊജക്ടുകളും ചേർത്ത് തൻവർഷം 23 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കുടിവെള്ള പദ്ധതികൾക്കായി ബോർവെൽ കുഴിച്ച്, മോട്ടോർ സ്ഥാപിക്കൽ, മോട്ടോർ ടാങ്ക് സ്ഥാപിക്കൽ, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്നീ വർക്കുകളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. കുടിവെള്ള പദ്ധതികൾക്കെല്ലാം ഒരു HP ക്ക് 18100/-രൂപ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മോട്ടോറുകൾ സ്ഥാപിക്കുന്നതിന് മുന്നോടിയായി കുഴൽകിണറിലെ ജലലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) നടത്തി മോട്ടോർ സ്ഥാപിക്കേണ്ട ആഴം കണക്കിലെടുത്ത് സ്റ്റേജ് നിശ്ചയിച്ചല്ല മോട്ടോറുകൾ സ്ഥാപിച്ചിട്ടുള്ളത്. സ്റ്റേജിനനുസരിച്ച് മോട്ടോറിന്റെ വിലയിൽ വ്യത്യാസം ഉള്ളതിനാൽ ആവശ്യമായ മോട്ടോറിന്റെയും അനുബന്ധ സാമഗ്രികളുടെയും വിലയിലും ഏറ്റക്കുറച്ചിൽ ഉണ്ടാവുമെന്ന വസ്തുത കുടി

കണക്കിലെടുക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ എല്ലാ കുടിവെള്ള പദ്ധതികളിലും ഒരേ ഹോഴ്സ് പവർ സബ്മേഴ്സിബിൾ മോട്ടോറുകളും അനുബന്ധ സാമഗ്രികളും സ്ഥാപിക്കുന്നത് അഭികാമ്യമല്ല. കൂടാതെ ഇപ്രകാരമൊരു സാഹചര്യത്തിൽ ആവശ്യത്തിന് ജലം കുഴൽകിണറിൽ ഇല്ലെങ്കിൽ മോട്ടോറുകൾ എളുപ്പത്തിൽ കേടുവരാൻ ഇടയാവും എന്ന വസ്തുത പരിഗണിച്ചിട്ടില്ല. താരതമ്യേന ചെറിയ കുടിവെള്ള പദ്ധതികൾക്കും കൂടിയ കുതിര ശക്തിയിലുള്ള മോട്ടോറുകൾ ഉപയോഗിച്ച് നേരിട്ട് വെള്ളം പമ്പ് ചെയ്യുന്നതിനാൽ മർദ്ദം താങ്ങാനാവാതെ പൈപ്പ് ലൈൻ പൊട്ടിപ്പോവാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നമ്പർ, പേര് | അടങ്കൽ | ചെലവ് | മോട്ടോറിന്റെ കുതിര ശക്തി, കുഴൽ കിണറിന്റെ താഴ്ച | വില |
|---|---|---|---|---|---|
| 1 | 51/18 വടക്കേ കാളിയംകുന്ന് കുടിവെള്ള പദ്ധതി -(പ്ലാൻ ജനറൽ) | 900000 | 304263 | 7.5 hp 121.50മീറ്റർ | 135750 |
| 2 | 48/18 കുമളംകാട് കുടിവെള്ളപദ്ധതി-പ്ലാൻ (scp) | 500000 | 497983 | 7.5 hp 150മീറ്റർ | 120000 |
| 3 | 86/18 ചെമ്മണാംപറമ്പ് കോളനി കുടിവെള്ള പദ്ധതി -പ്ലാൻ (scp) | 500000 | 455014 | 7.5 hp 201 മീറ്റർ | 94613 |
| 4 | 96/18 ചുണവുള്ളി -വേട്ടവൻപാറ-മടയൻപറമ്പ് കുടിവെള്ള പദ്ധതി -പ്ലാൻ ജനറൽ | 500000 | 465120 | 7.5 225മീറ്റർ | 125000 |
| 5 | 79/18 വിവിധ കോളനികളിൽ കുടിവെള്ള പദ്ധതി പൂർത്തീകരണം -പ്ലാൻ (scp) | 1000000 | 904200 | 7.5 315മീറ്റർ | 65000 |

ഈ വിഷയവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന സംഗതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

1. കുടിവെള്ള പദ്ധതികളിലെ മോട്ടോറുകൾ മാറ്റി സ്ഥാപിക്കുന്ന വേളകളിൽ പഴയ മോട്ടോറുകൾ തിരികെ ലഭ്യമാക്കി സ്റ്റോക്കിലെടുക്കേണ്ടതും റിപ്പയർ ചെയ്യാൻ ആവുന്നവ പ്രവർത്തന സജ്ജമാക്കി പുനരുപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്

2. യീൽഡ് ടെസ്റ്റ് നടത്തിയശേഷം സ്റേറജിനനുസൃതമായ മോട്ടോറുകൾ സ്ഥാപിക്കാൻ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

3. കൃത്യമായ ഇടവേളകളിൽ കുടിവെള്ള പദ്ധതികളിലെ ജലം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി ശുദ്ധത ഉറപ്പാക്കേണ്ടതാണ്

4.ജലത്തിനായി കുഴൽ കിണറുകളെ അമിതമായി ആശ്രയിക്കുക നിമിത്തം ഭൂഗർഭ ജലനിരപ്പ് ക്രമാതീതമായി താഴ്ന്ന് പോവുന്നതിന് ഇടവരുമെന്നതിനാൽ പരമ്പരാഗതമായ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ഭൂഗർഭ ജലനിരപ്പ് റീചാർജ്ജ് ചെയ്യുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്.

# 3-3 ഇ-ടെണ്ടർ ഫീസ് -ജില്ലാ എക്സിക്യൂട്ടീവ്

# എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും മുഴുവൻ തുകയും ലഭ്യമായിട്ടില്ല.

അസിസ്റ്റന്റ് എക്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോം വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ മുൻവർഷങ്ങളിൽ ഒടുക്കിയ തുകകൾ മുഴുവനായും ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ബ്ലോക്ക്പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കു വരുത്തുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം അടങ്കൽ തുകയുടെ 0.2% ആണ് ടെണ്ടർ ഫോറം വില. നിലവിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് അസി എക്സി.എഞ്ചിനിയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കുഴൽമന്ദം ബ്രാഞ്ചിൽ 37114197358 നമ്പറായി കറന്റ് അക്കൌണ്ട് ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം മുതലാണ് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിൽ ഇ-ടെണ്ടർ ആരംഭിച്ചിട്ടുള്ളത്. തുടർന്നുള്ള വർഷങ്ങളിൽ ഇ-ടെണ്ടർ ചെയ്ത വർക്കുകളുടെ എണ്ണം ചുവടെ കൊടുക്കുന്നു

| വർഷം | ഇ-ടെണ്ടർ ചെയ്ത വർക്കുകളുടെ എണ്ണം |
|---|---|
| 2015-16 | 41 |
| 2016-17 | 55 |
| 2017-18 | 54 |
| 2018-19 | 46 |

ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും ടെണ്ടർ ഫീസ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട തുക പൂർണ്ണമായും ലഭ്യമായിട്ടില്ല. 11.06.2018 ന് മേൽപ്പടി അക്കൌണ്ടിലേക്ക് 89575/- രൂപ മാത്രമാണ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽനിന്നും നാളിതുവരെയായി ക്രെഡിറ്റ് ചെയ്ത് കിട്ടിയിട്ടുള്ളത്. ഈ അക്കൌണ്ടിൽ നിലവിൽ 302255/- രൂപ നീക്കിയിരിപ്പുണ്ട്. ഇ ടെണ്ടർ ഫോറം രജിസ്റ്റർ കൃത്യമായി എഴുതി പരിപാലിക്കാത്തതിനാൽ യഥാർത്ഥത്തിൽ തിരികെ ലഭിക്കാനുള്ള തുക എത്രയാണെന്ന് വ്യക്തവുമല്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നമ്പർ 7 തിയതി 06-05-2019) ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം മുതലാണ് ഇ-ടെണ്ടർ ആരംഭിച്ചതെന്നും 30.11.2017 വരെയുള്ള ടെണ്ടറുമായി ബന്ധപ്പെട്ട തുകകൾ എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽനിന്നും ബ്ലോക്കിനും അതിനു കീഴിലുള്ള വിവിധ പഞ്ചായത്തുകൾക്കും ട്രാൻസ്ഫർ ചെയ്ത വേളയിൽ കുഴൽമന്ദം ഗ്രാമ പഞ്ചായത്തിന്റെയും കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെയും തുകകൾ പരസ്പരം മാറിയതായും ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട 221071/-രൂപയ്ക്ക് പകരം 89575/-രൂപ മാത്രമാണ് ലഭ്യമായത്

എന്നും അസി .എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. നാളിതുവരെ ടെണ്ടർ ഫീസ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട തുക എത്രയെന്ന് കൃത്യമായി കണക്കാക്കി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതും ആയത് നിലവിലുള്ള നീക്കിയിരിപ്പ് സഹിതം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് കൈമാറുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-4 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- ഉയർന്ന നിരക്കിൽ വാങ്ങി

പ്രൊജക്ട് - ബ്ലോക്കിലേക്കും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലേക്കും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ (149/18)

അടങ്കൽ - 670239 (plan)

ചെലവ് - 4065580

ബിൽ നമ്പർ - 39/24.3.18

നിർവഹണം - സെക്രട്ടറി

പദ്ധതി പ്രകാരം കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോകോപ്പിയർ , ടേബിൾ എന്നിവ ടെണ്ടർ ക്ഷണിച്ച് വാങ്ങിയിട്ടുണ്ട്.താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

- ഷെൽഫ് - ന്യൂ സജീഷ് ഇൻഡസ്ട്രീസ് - 19900
- കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോകോപ്പിയർ - നിയോ സിസ്റ്റംസ് - 382140
- ടേബിൾ- എഫാർ ട്രേഡേഴ്സ്- 4540

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1. അഞ്ച് ലക്ഷത്തിനുമുകളിൽ അടങ്കലുള്ള പദ്ധതിയാണെങ്കിലും ഇ- ടെണ്ടർ നടത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക്- 10/6.5.19 ന് മറുപടിയായി ചെലവ് 4065580/- മാത്രമാണ് എന്നും ഫർണ്ണീച്ചർ വാങ്ങുന്നതിനും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും പ്രത്യേക ടെണ്ടർ ക്ഷണിച്ചിരുന്നു എന്നുമാണ് മറുപടി നൽകിയത്. ടെണ്ടർ ക്ഷണിക്കുന്നത് അടങ്കലിനെ അടിസ്ഥാനമാക്കിയായതിനാൽ 5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ഫോട്ടോകോപ്പിയറിന് താഴെ പറയും പ്രകാരമുള്ള നിരക്കുകളാണ് ക്വോട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

| | | | |
|---|---|---|---|
| ന്യൂടെക് ഇന്നവേഷൻ | കോണിക്ക മിനോൾട്ട 206 | 87000 | 1 വർഷം വാറണ്ടി |
| | “ | 90000 | 3 വർഷം വാറണ്ടി |
| | കോണിക്ക മിനോൾട്ട | 68000 | |
| | കോണിക്ക മിനോൾട്ട | 63000 | |
| | koycera | 60000 | 1 വർഷം വാറണ്ടി, |

| | | | |
|---|---|---|---|
| | | | With ADF |
| | Koycera( PM copy printer, color scanner, network,300 sheet x 2 tray, 100 sheet bypass, RADF, with duplex) | 63000 | 3വർഷം വാറണ്ടി, |
| മാക്സ് കമ്പ്യൂട്ടേഴ്സ് | | 89950 | With ADF |
| | | 72500 | Without ADF |
| നിയോ സിസ്റ്റംസ് | കോണിക്ക മിനോൾട്ട 206 | 74900 | |
| | കാനൺ2004 N | 79990 | With ADF |
| ഐ.ടി.വിഷൻ | കാനൺ IER | 91239 | |
| M/s binary systems | Sharp AR 6026 N | 99120 | |
| | Sharp AR 6020 N | 81420 | |

17.3.18 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം താഴെ ചേർക്കുന്നു

"ലഭിച്ചിട്ടുള്ള 5 ടെണ്ടറുകളിൽ കാനൻ ബ്രാന്റാണ് കൂടുതൽ മെച്ചപ്പെട്ടത് എന്നതിനാൽ ആയത് സംബന്ധിച്ച കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ നിയോ സിസ്റ്റംസ് , ഒറ്റപ്പാലം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 79990/- അംഗീകരിക്കാൻ തീരുമാനിച്ചു."

26.3.18 ലെ ഭരണസമിതി 5(1) തീരുമാനപ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു.

ടെണ്ടർ സമർപ്പിച്ചവരിൽ നിന്നും സാമ്പിൾ വാങ്ങി പരിശോധിക്കുകയോ ഗുണനിലവാരം വിലയിരുത്തുകയോ ചെയ്തിട്ടില്ല. സാങ്കേതിക വിദഗ്ധരോ മറ്റ് ഏജൻസികളോ നൽകിയ അഭിപ്രായം അടിസ്ഥാനമാക്കിയല്ല പ്രൊക്യൂർമെന്റ് കമ്മിറ്റി കാനൺ ബ്രാന്റാണ് മികച്ചത് എന്ന് തീരുമാനിച്ചത്.

ജി.ഒ.(പി)259/2010/ത.സ്വ.ഭ.വ/8.11.10, സ്റ്റോർ പർച്ചേസ് മാന്വൽ 2013 എന്നിവ പ്രകാരം മതിപ്പുവില 100000/- രൂപയിൽ കൂടുതലാണെങ്കിൽ ഓപ്പൺ ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണ്. ലഭ്യമായ ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ തിരഞ്ഞെടുക്കേണ്ടതുമാണ്. ടെണ്ടർ സ്പെസിഫിക്കേഷൻ വളരെ വ്യക്തത ഉള്ളതായിരിക്കണം. ടെണ്ടർ ക്ഷണിച്ചതിന് ശേഷം സ്പെസിഫിക്കേഷൻ മാറ്റുവാൻ പാടുള്ളതല്ല (ഖ.7.33-ജി.ഒ.(പി)3/13/SPD/21.6.13) സാമ്പിൾ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതുണ്ടെങ്കിൽ പ്രസ്തുത നിബന്ധന ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തേണ്ടതും മാതൃക ഇല്ലാതെ ലഭിക്കുന്ന ടെണ്ടറുകൾ നിരസിക്കേണ്ടതുമാണ്. ബ്രാന്റ് അടിസ്ഥാനമാക്കി ടെണ്ടർ/പർച്ചേസ് നടത്തരുത്. മേൽ വ്യവസ്ഥകളൊന്നും പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

സമാന സ്പെസിഫിക്കേഷനുള്ള കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത – Kyocera – 63000/-രൂപ എന്ന ഫോട്ടോകോപ്പിയർ ഒഴിവാക്കി ഉയർന്ന നിരക്കിലുള്ള Canon – 79990/-രൂപ വാങ്ങിയതിനാൽ പദ്ധതിഫണ്ടിന് 16000/ രൂപ അധികചെലവുണ്ടായി. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (10/6.5.19) പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം അടിസ്ഥാനമാക്കിയാണ് വാങ്ങിയത് എന്നും ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ

ശ്രദ്ധിക്കുന്നതാണ് എന്നുമാണ് അറിയിച്ചിട്ടുള്ളത്. സാങ്കേതിക കാരണങ്ങളൊന്നും രേഖപ്പെടുത്താതെ ഉയർന്ന നിരക്കിൽ ഫോട്ടോകോപ്പിയർ വാങ്ങിയത് ക്രമപ്രകാരമല്ല. ഫോട്ടോകോപ്പിയറിനായി ചെലവഴിച്ച 79,990/ രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 3-5 ടി.എസ്.പി. ഫണ്ട് തിരിച്ചടവ്

പ്രൊജക്ട് - 14/17-18

ടി.എസ്.പി. ഫണ്ട് തിരിച്ചടവ്

അടങ്കൽ - 140000

ചെലവ് - 140000

ബിൽ - 37/15.3.18

നിർവഹണം - സെക്രട്ടറി

ടി.എസ്.പി. ഫണ്ട് തിരിച്ചടവ് എന്ന പദ്ധതി പ്രകാരം 140000 രൂപ മാത്തൂർ ഗേൾസ് പ്രീമെട്രിക് ഹോസ്റ്റലിലെ വിവിധ പ്രവൃത്തികൾക്കായി ജില്ലാ എസ്.സി. ഡവലപ്പ്മെന്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്നും പ്രത്യേകാനുമതി ലഭ്യമാക്കിയ ശേഷമാണ് ടി.എസ്.പി ഫണ്ട് അനുവദിച്ചത്. എന്നാൽ തുക വിനിയോഗിച്ച് പ്രവൃത്തി നടപ്പിലാക്കിയതിന്റെ വിവരം ബ്ലോക് പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (3/4.5.19)മറുപടിയായി ജില്ലാ എസ്.സി. ഡവലപ്പ്മെന്റ് ഓഫീസറിൽ നിന്ന് വിനിയോഗരേഖകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി തുക നിർവഹണത്തിനായി നിർവഹണ ഉദ്യോഗസ്ഥരല്ലാത്ത മറ്റ് ഉദ്യോഗസ്ഥരെ/ഏജൻസിയെ ഏൽപ്പിക്കുമ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കി അടങ്കൽ നിശ്ചയിക്കേണ്ടതും കാലാവധി ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമക്കേണ്ടതുമാണ്. പദ്ധതി തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും തുക വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 140000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

# 3-6 ഡെപ്പോസിറ്റ് തുകകൾ - വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾക്ക് (പ്ലാൻഫണ്ട്) വിവിധ സ്ഥാപനങ്ങളിലേക്ക് പണം മുൻകൂറായി കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| ക്രമ നം | പദ്ധതിയുടെ പേര് | സ്ഥാപനം | നൽകിയ തുക | ബിൽ നം, തിയ്യതി |
|---|---|---|---|---|
| 1 | 148/17-18, പുളിമ്പ്രാണി കുടിവെള്ളപദ്ധതി | കേരള വാട്ടർ അതോറിറ്റി | 797610/- | 35/17-18 8.03.2018 |
| 2 | 58/17-18, പുത്തൻകോട് കുടിവെള്ളപദ്ധതി | കേരള വാട്ടർ അതോറിറ്റി | 500000/- | 36/17-18 8.03.2018 |
| 3 | 139/17-18, എരട്ടോട്, മഞ്ഞളൂർ, പൂതക്കോട് കുടിവെള്ളപദ്ധതി | കേരള വാട്ടർ അതോറിറ്റി | 900000 | 19/17-18 14.11.2017 |

| | | | | |
|---|---|---|---|---|
| 4 | 142/18, കന്നിയോട്, ചകിരാതൊടി, പാട്ടാണികുളം കുടിവെള്ളപദ്ധതി | കേരള വാട്ടർ അതോറിറ്റി | 1000000 | 18/17-18<br>14.11.2017 |
| 5 | 143/18, കുളക്കാട് കുടിവെള്ളപദ്ധതി പൈപ്പ്ലൈൻ | " " | 500000 | 19/17-18<br>14.11.2017 |
| 6 | 30/18, ലൈഫ് മിഷൻ വിഹിതം- കണ്ണാടി പഞ്ചായത്ത് | കണ്ണാടി പഞ്ചായത്ത് | 580000 | 30/3.3.2018 |
| 7 | 138/18 തേങ്കുറിശ്ശി പഞ്ചായത്തിൽ ഗ്യാസ് ക്രിമറ്റോറിയം - ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | ജില്ലാ പഞ്ചായത്ത് | 2500000 | 15/8.11.17 |
| | | | 900000 | 16/10.11.17 |

കരാർ കാലാവധിക്കകം പ്രവൃത്തികൾ പൂർത്തിയാക്കുന്നുണ്ട് എന്ന് നിർവഹണഉദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളും ഉറപ്പുവരുത്തേണ്ടതാണ്. ഡെപ്പോസിറ്റ് തുകയുടെ വിനിയോഗവിവരം ലഭ്യമാക്കി ചെലവഴിക്കാത്ത തുകകൾ തിരികെ ഈടാക്കേണ്ടതുമാണ്.

# 3-7 പഠനമുറി നിർമ്മാണം - അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി

പ്രൊജക്ട് - പഠനമുറി - 11/17-18

അടങ്കൽ - 21,00,000

ചെലവ് - 1600000

ബിൽ നമ്പർ - 6/30.11.17 – 550000

7/30.11.17 – 500000

9/9.3.18 - 300000

10/20.3.18 – 250000

നിർവഹണം - എസ്.സി.ഡി.ഒ

എ) സബ്സിഡി മാർഗരേഖ ഭേദഗതി ഉത്തരവ് -സ.ഉ(സാധ) നമ്പർ.1683/2017/ തസ്വഭവ തിയതി 23.05-2017 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജക്ട് ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രമാണ് ഏറ്റെടുക്കാവുന്നത്. വ്യക്തിഗതഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതികളൊന്നും ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കരുത് എന്ന് സബ്സിഡി മാർഗരേഖ (സ.ഉ(എം.എസ്) 80/2017/തസ്വഭവ തിയതി 3.4.2017) ഖണ്ഡിക 12.1 ൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രൊജക്ട് ബ്ലോക്ക് പഞ്ചായത്തിന് നടപ്പാക്കാവുന്നതല്ല എന്നും അതിനാൽ സാധൂകരണം ലഭ്യമാക്കണം എന്നും ആവശ്യപ്പെട്ട് നിർവഹണഉദ്യോഗസ്ഥൻ 6.11.17 ന് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുമുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ 17.1.18 ലെ തീരുമാനം നമ്പർ 3 പ്രകാരം സാധൂകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഭരണസമിതി തീരുമാനം അടിസ്ഥാനമാക്കി നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾക്കനുസൃതമായി മാത്രം പദ്ധതികൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി ) പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല.

പഠനമുറി - 11/17-18 എന്ന പദ്ധതി പ്രകാരം ഓഡിറ്റ് വർഷം ആകെ 1600000 രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. 120 ച.അടി വിസ്തീർണ്ണമുള്ള മുറി നിർമ്മിക്കുന്നതിന് 100000 രൂപയാണ് സബ്സിഡിയായി അനുവദിക്കുന്നത്. ഇതിൽ 50000 രൂപ മുൻകൂറായാണ് നൽകുന്നത്. പദ്ധതി ഫണ്ടിൽ നിന്നും ബിൽ നമ്പർ 7/12.1.18 (500000)പ്രകാരം 50000 രൂപ .ഷിജി.ആർ, D/O രാജൻ, കുന്നുകാട് , കുഴൽമന്ദം എന്ന ഗുണഭോക്താവിന് (A/c no- SBI 67242283133) നൽകിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താവ് നാളിതുവരെ നിർമ്മാണം നടത്തിയിട്ടില്ല എന്നും അതിനാൽ മുൻകൂറായി അനുവദിച്ച തുക റവന്യൂ റിക്കവറി നടപടികളിലൂടെ തിരികെ ഈടാക്കുവാനും (12.12.18 ലെ 3(2) തീരുമാനം)ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് -8/6.5.19 -മറുപടിയായി തുടർനടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-8 പ്രീമെട്രിക് ഹോസ്റ്റൽ ഫർണ്ണീച്ചർ- ആവശ്യകത കണക്കാക്കാതെ വാങ്ങലുകൾ നടത്തി

പ്രൊജക്ട് - കോട്ടായി ഗവ. പ്രീമെട്രിക് ഹോസ്റ്റൽ ഫർണ്ണീച്ചർ (13/18)

അടങ്കൽ - 529000 (എം.ജി. -നോൺറോഡ്)

ചെലവ് - 528982

ബിൽ നമ്പർ - 8/23.2.18

നിർവഹണം - എസ്.സി.ഡി.ഒ

പദ്ധതി പ്രകാരം താഴെ പറയുന്ന ഇനങ്ങൾ ആർട്ട്കോ, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്.

ഇൻവോയ്സ് - 476/16.11.17

| | | |
|---|---|---|
| 1 | കട്ടിൽ-സിംഗിൾ (30 ) | 191903 |
| 2 | ബെഞ്ച് (10) | 29748 |
| 3 | ഡെസ്ക്ക് (10) | 38468 |
| 4 | ഡൈനിംഗ് ടേബിൾ (സ്റ്റീൽ കോട്ടട്) (2 എണ്ണം) | 27848 |
| 5 | ബെഡ് - സിംഗിൾ (50 എണ്ണം ) | 225675 |
| 6 | തലയണ (50 ) | 15340 |
| | ആകെ | 448290 |
| | നികുതി | 80692 |
| | | 528982 |

ആർട്ട്കോ നേരിട്ട് നിർമ്മിക്കുന്ന ഇനങ്ങൾ മാത്രമാണ് ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്നത്. ബെഡ്, തലയണ എന്നീ ഇനങ്ങൾ ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങിയതിന് വിശദീകരണം ലഭ്യമായില്ല(ഓഡിറ്റ് എൻക്വയറി- 8/6.5.19 ). വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2017-18 ൽ 30 വിദ്യാർത്ഥികൾ മാത്രമാണ് ഹോസ്റ്റലിൽ ഉണ്ടായിരുന്നത്. എന്നാൽ ബെഡ്, തലയണ എന്നിവ 50 എണ്ണം വീതം വാങ്ങിയിട്ടുണ്ട്. നിലവിലും 31 കുട്ടികൾ മാത്രമാണ് ഹോസ്റ്റലിലുള്ളത്. അധികം വാങ്ങിയ bed

& pillow ഉപയോഗിക്കപ്പെടാതെ ഒരു റൂമിൽ നിക്ഷേപിച്ചിട്ടുണ്ട്. ഹോസ്റ്റലിൽ 50 കുട്ടികളെ വരെ താമസിപ്പിക്കാൻ അനുവാദമുള്ളതിനാലാണ് 50 എണ്ണം വാങ്ങിയത് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. എന്നാൽ ദീർഘകാലം സൂക്ഷിച്ചുവയ്ക്കാൻ കഴിയാത്ത ഇത്തരം ഇനങ്ങൾ കൂടുതൽ എണ്ണം വാങ്ങുന്നത് ആശാസ്യമല്ല. യഥാർത്ഥ ആവശ്യകതയുടെ അടിസ്ഥാനത്തിൽ മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഉപയോഗിക്കാതെ അവശേഷിക്കുന്ന 19 എണ്ണത്തിന്റെ വിലയായ (85756 + 5829) 91585/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-9 വ്യവസായ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172 (1) നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ചെറുകിട വ്യവസായ മേഖലയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, ചെറുകിട വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക, വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക എന്നി ചുമതലകളാണുള്ളത്. ബ്ലോക്ക് പഞ്ചായത്തിൽ മേൽ പറഞ്ഞ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിർവ്വഹിക്കേണ്ട ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ പ്രസ്തുത മേഖലയിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2018-19 ൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്ന എല്ലാ മേഖലകളിലും മുൻഗണന അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണസമിതിയും നിർവഹണഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

# 3-10 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം : 65/18 (വികസന ഫണ്ട് - ജനറൽ)

പ്രോജക്ടിന്റെ പേര് : ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ : ₹14,00,000

ചെലവ് : ₹14,00,000

ബിൽ നം : 1/2017-18 തിയതി 21-10-2017 തുക 1200000/-

2/2017-18 തിയതി 21-10-2017 തുക200000/-

2017-18 സാമ്പത്തിക വർഷത്തിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ 'ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി' എന്ന പദ്ധതിക്കായി കുഴൽമന്ദം ബ്ലോക്ക് പരിധിയിലെ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നല്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ബ്ലോക്കിനു കീഴിലെ ക്ഷീരസംഘങ്ങളിൽ 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് രണ്ടു രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ഈ പദ്ധതിക്കായി ₹ 14,00,000 ചെലവഴിച്ചുവെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് വിഹിതം വകയിരുത്തിയത് (₹) | വിതരണം ചെയ്ത തുക (₹) | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കുഴൽമന്ദം ഗ്രാമ പഞ്ചായത്ത് | 200000 | 200000 | ഗ്രാമ പഞ്ചായത്തുകളുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തിയ്യതി 21.10.2017 |
| 2 | മാത്തൂർ ഗ്രാമ പഞ്ചായത്ത് | 200000 | 200000 | |
| 3 | കുത്തന്നൂർ ഗ്രാമ പഞ്ചായത്ത് | 200000 | 200000 | |
| 4 | കണ്ണാടി ഗ്രാമ പഞ്ചായത്ത് | 200000 | 200000 | |
| 5 | തേങ്കുറുശ്ശി ഗ്രാമ പഞ്ചായത്ത് | 200000 | 200000 | |
| 6 | കോട്ടായി ഗ്രാമ പഞ്ചായത്ത് | 200000 | 200000 | |
| 7 | പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത് | 200000 | 200000 | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 3-11 കാലഹരണപ്പെട്ട ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

സെക്രട്ടറിയുടെ പേരിലുള്ള താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ ഇടപാടുകളൊന്നും നടത്തുന്നില്ല.

| അക്കൗണ്ട് നമ്പർ | നീക്കിയിരുപ്പ് | റിമാർക്സ് |
|---|---|---|
| 745101045782 | 413892 | BRGF |
| 7451010454 | 459463 | TSC |
| 745101045405 | 1601861 | Hariyali |
| 57045418435 | 584856 | PLAN |
| 339402010007296 | 2715044 | NREP |
| 0745101053312 | 2233288 | Misc |
| 339402010016222 | 5960852 | Misc |

ഉപയോഗക്ഷമമല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുക ബന്ധപ്പെട്ട ഹെഡുകളിലേക്കോ സർക്കാരിലേക്കോ തിരിച്ചടക്കുകയും മറ്റുള്ളവ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലേക്ക് വരവ് വെയ്ക്കുകയും ചെയ്യേണ്ടതാണ്.

# 3-12 ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

2017-18 ൽ PMAY(GP-4/17-18 & SCP-5/17-18) പദ്ധതി പ്രകാരം 27 ഗുണഭോക്താക്കൾക്കാണ് (12 എസ്.സി & 15 ജനറൽ) ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുള്ളത്. ഒരാൾക്ക് 400000/- വീതമാണ് സബ്സിഡി അനുവദിക്കുന്നത്. ഗുണഭോക്താക്കളും പഞ്ചായത്തുമായുള്ള കരാർ പ്രകാരം 12 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. പി.എം.എ.വൈ രജിസ്റ്റർ പ്രകാരം തൻവർഷത്തെ 27 ഗുണഭോക്താക്കളിൽ 24

പേരാണ് (9 എസ്.സി & 14 ജനറൽ) നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| | പേര് | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | അയിഷ, കണ്ണാടി | 144000 | ലിന്റൽ |
| 3 | പ്രിയ, തേങ്കുറിശ്ശി, | 278000 | ലിന്റൽ |
| 4 | ശ്രീകല, തേങ്കുറിശ്ശി | 306000 | റൂഫ് ലെവൽ |
| 5 | ലക്ഷ്മണൻ, കോട്ടായി | 311000 | റൂഫ് ലെവൽ |

നിർമ്മാണം പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 13908975 | PMAY & IAY | 13908975 | 0 |
| ഗ്രാമ പഞ്ചായത്ത് | 2016-17 | 8646981 | | 8646981 | 0 |
| ഗ്രാമ പഞ്ചായത്ത് | 2017-18 | 10551925 | PMAY & IAY | 7436845 | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 14806014 | | 13896485 | |

PMAY, IAY തുകകൾ കുഴൽമന്ദം ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലാണ്(NO 2831) സൂക്ഷിച്ചിട്ടുള്ളത്. തൻവർഷം

ഓരോ ഇനത്തിന്റേയും ചെലവ് /നീക്കിയിരിപ്പ് തുകകൾ വേർതിരിച്ച് കാണിച്ചിട്ടില്ല. AFS -മായി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരമുള്ള കണക്കുകളാണ് 4-1ൽ ചേർത്തിട്ടുള്ളത്.

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 148/17-18, പുളിമ്പ്രാണി കുടിവെള്ളപദ്ധതി | 35/17-18 8.03.2018 | 797610/- | -ചെലവ് വിവരം ലഭ്യമായിട്ടില്ല | ചെലവ് വിവരം ലഭ്യമായിട്ടില്ല |
| | 58/17-18, പുത്തൻകോട് കുടിവെള്ളപദ്ധതി | 36/17-18 8.03.2018 | 500000/- | | |
| | 139/17-18, എരട്ടോട്, മഞ്ഞളൂർ, പൂതക്കോട് കുടിവെള്ളപദ്ധതി | 19/17-18 14.11.2017 | 900000 | | |
| | 142/18, കന്നിയോട്, ചകിരാതൊടി, പാട്ടാണികുളം കുടിവെള്ളപദ്ധതി | 18/17-18 14.11.2017 | 1000000 | | |
| | 143/18, കുളക്കാട് കുടിവെള്ളപദ്ധതി പൈപ്പ്ലൈൻ | 19/17-18 14.11.2017 | 500000 | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

# 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | വിഷയാധിഷ്ഠിത അവലോകനം- പ്രത്യേക ഖണ്ഡിക | 2014-15 | 4.1.5 | 11,62,916/- രൂപയ്ക്ക് SGSY വിപണന കേന്ദ്രം നിർമ്മിച്ചെങ്കിലും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം നാളിതു വരെ പരിഗണിച്ചിട്ടില്ല |
| 2011-12 | വിഷയാധിഷ്ഠിത അവ ലോകനം- പ്രത്യേക ഖണ്ഡിക | 2014-15 | 4.1.13 | കോട്ടായി ഗ്രാമ പഞ്ചായത്തിന് 455970/- രൂപയ്ക്ക് വാങ്ങി നൽകിയ ട്രാൻസ്പ്ലാന്റർ ഉപയോഗ ശൂന്യം | |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 122396768 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 130325486 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 24858 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 79990 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 24858 | ശ്രീ.സുബ്രഹ്മണ്യൻ.കെ.സി.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 79990 | ശ്രീ.വിജയകുമാർ സെക്രട്ടറി, കാവ്യ, കഴക്കൂട്ടം (പി.ഒ)തിരുവനന്തപുരം |
| 3-8 | 91585 | ശ്രീ. കെ. സുന്ദരൻ, SCDO, പുത്തായപുര വീട്, മാത്തൂർ(പി.ഒ), പാലക്കാട് |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഒന്നുമില്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഒന്നുമില്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുബ്രഹ്മണ്യൻ.കെ.സി.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | ലഭ്യമായില്ല | ആഷാഡം, TC 31/1683, സൂര്യ 147 സി, മന്നമൂല, പേരൂർക്കട തിരുവനന്തപുരം |
| ശ്രീ.വിജയകുമാർ സെക്രട്ടറി | | കാവ്യ കഴക്കൂട്ടം (പി.ഒ) തിരുവനന്തപുരം – |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | LFP6/1234/15.1.09 | 7 |
| 2003-04 | LFP8/726/7.8.10 | 4 |
| 2004-05 | LFP8/1240/29.3.12 | 7 |
| 2005-06 | LFP8/1240/10.4.12 | 2 |
| 2006-07 | LFP8/1921/9.11.12 | 5 |
| 2007-08 | LFP8/1921/9.11.12 | 5 |
| 2008-09 | LFP8/513/27.3.13 | 7 |
| 2009-10 &2010-11 | LFP8/780/13.12.14 | 23 |
| 2011-12 | LFP8/780/13.12.14 | 16 |
| 2012-13, 2013-14 & 2014-15 | KSA-PKD 8/255/16/12-02-16 | 18 |
| 2015-16 | കെ.എസ്.എ-പി.കെ.ഡി.8/304/17/02.05.2017 | 10 |
| 2016-17 | കെ.എസ്.എ-പി.കെ.ഡി.8/2247/2017/30.11.2017 | 8 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

# Annexure -1 Audit certificate

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.**

1) 2017-18 വർഷത്തെ ബാങ്ക് ബുക്ക്, ഡേ ബുക്ക് എന്നിവ സാംഖ്യ സോഫ്റ്റ്‌വെയറിൽനിന്നും പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2) പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക 'കാലാവധി കഴിഞ്ഞ ചെക്കുകൾ' (Liability in respect opf stale cheque) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

3) UBI Kuzhalmannam 16222, IAY- SMGB -2832 എന്നീ അക്കൗണ്ടുകൾ റീകൺസിൽ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4) 460100199 എന്ന ഹെഡിൽ അഡ്വാൻസ് നൽകിയ തുക ₹ 93122/- രൂപയും അതേ ഹെഡിൽ തിരികെ ലഭിച്ചത് ₹ 830708/- രൂപയുമായാണ് ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തന്മൂലം ബാലൻസ് ഷീറ്റിൽ നെഗറ്റീവ് സംഖ്യയാണ് (- 737586).

5) IAY-SMGB-2832 എന്ന അക്കൗണ്ട് 05/2016ൽ ക്ലോസ് ചെയ്തിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ₹ 16000/- നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്.

6) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7) ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

8) അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണമാണ്.

9) നിർവഹണോദ്യോഗസ്ഥർ 7എ മാതൃകയിൽ കാഷ്ബുക്ക് സൂക്ഷിക്കുന്ന ണ്ടെങ്കിലും പഞ്ചായത്തിൽ നിന്നുള്ള വരവു ചെലവുകൾ രേഖപ്പെടുത്തുന്നതിന് സബ്സി ഡിയറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

# Annexure -2 വാർഷിക കണക്ക് പത്രികകൾ

| | | | |
|---|---|---|---|
| | **Kuzhalmannam Block Panchayat RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2017 to 31-March-2018 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 58500359.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 130000000 | Rental income from Panchayat Properties | RP-3 | 27900.00 |
| 140000000 | Fees & User Charges | RP-4 | 2855.00 |
| 150000000 | Sale & Hire Charges | RP-5 | 124573.00 |
| 151000000 | Receipts from Transferred Institutions | RP-6 | 8800.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 74098645.00 |
| 171000000 | Interest Earned | RP-9 | 1852220.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 43773852.00 |
| 350000000 | Other Liabilities | RP-36 | 355032.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 149325.00 |
| 340000000 | Deposits Received | RP-34 | 191447.00 |
| | | | |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 981411.00 |
| 460000000 | Loans, Advances and Deposits | RP-47 | 830708.00 |
| | **Grand total** | | **180897127.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2061984.00 |
| 220000000 | Administrative Expenses | RP-12 | 3149497.00 |
| 230000000 | Operations & Maintenance | RP-13 | 357093.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5827800.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 20529981.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5036123.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 66246.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 425644.00 |
| 255000000 | Maintenance Projects | RP-20 | 8019589.00 |

**Kuzhalmannam Block Panchayat INCOME & EXPENDITURE STATEMENT**

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 27900.00 |
| 140000000 | Fee & User Charges | I-4(b) | 2855.00 |
| 150000000 | Sale & Hire Charges | I-5(b) | 124573.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 8800.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 43216748.00 |
| 171000000 | Interest Earned | I-8 | 1828662.00 |
| 180000000 | Other Income | I-9 | 149325.00 |
| | **Total Income** | | **45358863.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 2061984.00 |
| 220000000 | Administrative Expenses | I-11(b) | 3149497.00 |
| 230000000 | Operations & Maintenance | I-12(b) | 1078143.00 |
| 240000000 | Interest & Finance Charges | I-13 | 2757.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5827800.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 20529981.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5633001.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 66246.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 435644.00 |
| 255000000 | Maintenance Projects | I-14(e) | 8019589.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1474843.00 |
| 272000000 | Depreciation | I-17(a) | 10328634.00 |
| | **Total Expenditure** | | **58608119.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-13249256.00** |
| 280000000 | Prior Period Item | I-18 | 140000.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-13389256.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**Kuzhalmannam Block Panchayat BALANCE SHEET**

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 8200572.00 |
| 312000000 | Reserves | B-3 | 54121039.00 |
| | **Total Reserve & Surplus** | | **62321611.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 92082444.00 |
| | **Total Grants, Contributions for Specific Purposes** | | **92082444.00** |
| | **Loans** | | |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1331000.00 |
| 350000000 | Other Liabilities | B-9 | -45923507.00 |
| | **Total Current Liabilities and Provisions** | | **-44592507.00** |
| | **TOTAL LIABILITIES** | | **109811548.00** |
| | **ASSETS** | | |

| | | | |
|---|---|---|---|
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 55913115.00 |
| 411000000 | Accumulated Depreciation | B-11 | -10328634.00 |
| 412000000 | Capital Work in Progress | B-11(a) | 14273435.00 |
| | **Total Fixed Assets** | | **59857916.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 450000000 | Cash and Bank Balance | B-17 | 50571641.00 |
| 460000000 | Loand, Advances and Deposits | B-18 | -618009.00 |
| | **Total Current Assets, Loans and Advances** | | **49953632.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **109811548.00** |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**